പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1788 — 22.03.2012 - ൽ മറുപടിയ്ക്ക്

## കൂത്തമ്പലം കത്തിനശിച്ച സംഭവം

| ചോദ്യം<br>ശ്രീ. വി.എസ്. സുനിൽ കുമാർ | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സാംസ്കാരിക വകുപ്പിന്റെ കീഴിൽ ചെമ്പൂക്കാവിൽ നിർമ്മാണത്തിലിരിക്കെ ഡിസംബർ 12-ന് കൂത്തമ്പലം കത്തിനശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച ഫോറൻസിക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) | ലഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ വെടിമരുന്നിന്റെ അംശം അവശിഷ്ടങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ഇതിൽ പൊട്ടാസ്യം ക്ലോറേറ്റ്, പൊട്ടാസ്യം നൈട്രേറ്റ്, അലൂമിനിയം എന്നിവയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് ഏത് ഏജൻസിയാണ് അന്വേഷണം നടത്തി വരുന്നത്; | (ഡി) | ഇതു സംബന്ധിച്ച് തൃശൂർ ഈസ്റ്റ് പോലിസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2461/2011 u/c Fire occurrence ആയി കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസ് തൃശൂർ ഈസ്റ്റ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തി വരികയുമാണ്. |
| (ഇ) | കൂത്തമ്പലം കത്തിയതുമായി ബന്ധപ്പെട്ട ദുരൂഹത നീക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | അന്വേഷണം തുടർന്ന് വരികയാണ്. |
| (എഫ്) | അന്വേഷണ പുരോഗതി വിശദമാക്കാമോ ? | (എഫ്) | പ്രസ്തുത കേസിൽ ഫോറൻസിക് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും ഇതിൽ ഉപയോഗിച്ചിരുന്ന വെടിമരുന്നിന്റെ ഉറവിടത്തെക്കുറിച്ച് അന്വേഷണം നടന്നുവരികയുമാണ്. |

സെക്ഷൻ ഓഫീസർ